# വനിതാ ശിശുവികസന ഡയറക്ടറുടെ നടപടിക്രമങ്ങൾ

## (ഹാജർ: അനുപമ. റ്റി.വി IAS)

വിഷയം: വനിതാ ശിശുവികസന വകുപ്പ്-അങ്കണവാടി കെട്ടിടവും പരിസരവും പാഠനോപാധിയാക്കുന്ന പദ്ധതി CHAYAM (Child Friendly Anganwadies Yielded through Adornment and Make over) നവീകരണം സാധ്യമല്ലാത്ത അങ്കണവാടികളെ ഒഴിവാക്കി പകരം അങ്കണവാടികളെ ഉൾപ്പെടുത്തി ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:
1. സ.ഉ (സാധാ) നം. 340/2021/സാനീവ തീയതി 24.05.2021
2. വനിത ശിശുവികസന ഡയറക്ടറുടെ 21.06.2021, 26.07.2021 എന്നീ തീയതികളിലെ ഇതേ നമ്പർ ഉത്തരവ്.
3. കോഴിക്കോട് പ്രോഗ്രാം ഓഫീസറുടെ 11.08.2021 ലെ B.645/21 നമ്പർ കത്ത്.
4. തൃശ്ശൂർ പ്രോഗ്രാം ഓഫീസറുടെ 2.8.2021 ലെ PO/TSR/D.675/21 നമ്പർ കത്ത്.
5. മലപ്പുറം പ്രോഗ്രാം ഓഫീസറുടെ 02.08.2021 ലെ B.337/21 നമ്പർ കത്ത്.
6. തിരുവനന്തപുരം പ്രോഗ്രാം ഓഫീസറുടെ 18.08.2021 ലെ POTVM.B.162/21 നമ്പർ കത്ത്.
7. കണ്ണൂർ പ്രോഗ്രാം ഓഫീസറുടെ 12.08.2021 ലെ PO/KNRB.1443/21 നമ്പർ കത്ത്.
8. ആലപ്പുഴ പ്രോഗ്രാം ഓഫീസറുടെ 13.08.2021 ലെ E2.387/21 നമ്പർ കത്ത്.
9. എറണാകുളം പ്രോഗ്രാം ഓഫീസറുടെ8.7.2021 ലെ PO/EKM.A4-342/21 നമ്പർ കത്ത്.
10. മലപ്പുറം ശിശുവികസന പദ്ധതി ഓഫീസറുടെ 11.08.2021 ലെ ICDS/MP2A/68/21 നമ്പർ കത്ത്.

---

ഉത്തരവ് നം. ICDS/A9/5906/21 തീയതി : 06.09.2021

---

സംസ്ഥാനത്തെ ഓരോ ICDS പ്രോജക്ടുകളിൽ നിന്നും ഒരു അങ്കണവാടി എന്ന തോതിൽ 258 അങ്കണവാടികൾ ശിശുസൗഹൃദ –ശിശുസംരക്ഷണ കേന്ദ്രങ്ങൾ ആക്കുന്ന 'ചായം 'പദ്ധതി നടപ്പിലാക്കുന്നതിന് പരാമർശം (1)പ്രകാരം സർക്കാർ

അനുമതി ലഭിക്കുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ 258 അങ്കണവാടികൾ ശിശുസൗഹൃദ ശിശുസംരക്ഷണ കേന്ദ്രങ്ങളാക്കുന്നതിന് 5,16,00,000/- അനുവദിച്ചുകൊണ്ട് പരാമർശം (2) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

പരാമർശം (2) പ്രകാരം നവീകരണാനുമതി നൽകിയ അങ്കണവാടികളിൽ നവീകരണം സാധ്യമല്ലാത്ത അങ്കണവാടികൾക്കു പകരം പുതിയ അങ്കണവാടികൾക്ക് നവീകരണാനുമതി നൽകുവാൻ തൃശ്ശൂർ, മലപ്പുറം, തിരുവനന്തപുരം, കോഴിക്കോട്, കണ്ണൂർ, ആലപ്പുഴ, പാലക്കാട്, എറണാകുളം പ്രോഗ്രാം ഓഫീസർമാർ/ശിശുവികസന പദ്ധതി ഓഫീസർമാർ പരാമർശം (3),(4),(5),(6),(7),(8),(9),(10) പ്രകാരം അഭ്യർത്ഥിച്ചിരിക്കുന്നു.

പ്രസ്തുത സാഹചര്യത്തിൽ പ്രോഗ്രാം ഓഫീസർമാർ/ ശിശുവികസന പദ്ധതി ഓഫീസർമാരുടെ അഭ്യർത്ഥന പരിഗണിച്ച് പരാമർശം 2 പ്രകാരം നവീകരണാനുമതി നൽകിയിരുന്നതും നവീകരണം സാദ്ധ്യമല്ലാത്തതായി PO/CDPO റിപ്പോർട്ട് ചെയ്തിട്ടുള്ളതുമായ 10 അങ്കണവാടികളെ ഒഴിവാക്കി പകരം 10 അങ്കണവാടികൾക്ക് ചുവടെ ചേർത്തിരിക്കും പ്രകാരം നവീകരണാനുമതി നൽകി പരാമർശം 2 ഉത്തരവ് ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നമ്പർ | ജില്ല | ഐ.സി.ഡി.എസ് പ്രോജക്റ്റിന്റെ പേര് | നവീകരണാനുമതി നൽകിയിരുന്ന തദ്ദേശസ്വയംഭരണ സ്ഥാപനവും അങ്കണവാടി സെന്റർ നമ്പരും | | പകരം നവീകരണാനുമതി നൽകുന്ന തദ്ദേശസ്വയംഭരണ സ്ഥാപനവും അങ്കണവാടി സെന്റർ നമ്പരും | |
|---|---|---|---|---|---|---|
| 1 | തൃശ്ശൂർ | കൊടകര | നെന്മണിക്കര | 61 | നെന്മാണിക്കര | 63 |
| 2 | മലപ്പുറം | മങ്കട | കട്ടിലങ്ങാടി | 41 | മക്കരപറമ്പ് | 78 |
| 3 | തിരുവനന്തപുരം | തിരുവനന്തപുരം അർബൺ-2 | തിരുവനന്തപുരം നഗരസഭ | 38 | തിരുവനന്തപുരം നഗരസഭ | 138 |
| 4 | തിരുവനന്തപുരം | നെടുമങ്ങാട് | നെടുമങ്ങാട് മുനിസിപ്പാലിറ്റി | 82 | നെടുമങ്ങാട് മുനിസിപ്പാലിറ്റി | 34 |
| 5 | കോഴിക്കോട് | കോഴിക്കോട് അർബൺ-4 | കോഴിക്കോട് നഗരസഭ | 49 | കോഴിക്കോട് നഗരസഭ | 32 |

| | | | | | | |
|---|---|---|---|---|---|---|
| 6 | കോഴിക്കോട് | തൂണേരി | തൂണേരി | 97 | തൂണേരി | 52 |
| 7 | കണ്ണൂർ | എടക്കാട് അഡീഷണൽ | ചെമ്പിലോട് | 81 | കൊളച്ചേരി | 120 |
| 8 | ആലപ്പുഴ | കഞ്ഞിക്കുഴി | മാരാരിക്കുളം വടക്ക് | 19 | കഞ്ഞിക്കുഴി | 47 |
| 9 | പാലക്കാട് | മലമ്പുഴ | മരുത റോഡ് | 99 | പുതുശ്ശേരി | 132 |
| 10 | എറണാകുളം | കൊച്ചി അർബൻ-2 | കൊച്ചി നഗരസഭ | 99 | കൊച്ചി നഗരസഭ | 80 |

ബന്ധപ്പെട്ട ശിശുവികസന പദ്ധതി ഓഫീസർമാർ പരാമർശം (2) ഉത്തരവിലെ നിബന്ധനകൾ പാലിച്ചു കൊണ്ടു സമയബന്ധിതമായി പദ്ധതി പൂർത്തീകരിക്കേണ്ടതാണ്. മേൽ ഭേദഗതിയോടെ പരാമർശം (2) ഉത്തരവ് നിലനിൽക്കുന്നതാണ്.

(ഒപ്പ്)

വനിതാ ശിശുവികസന ഡയറക്ടർ

ചിഫ് എഞ്ചിനീയർ,
തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.

**പകർപ്പ്**

(1) പ്രോഗ്രാം ഓഫീസർ, തൃശ്ശൂർ, മലപ്പുറം, തിരുവനന്തപുരം,കോഴിക്കോട്,കണ്ണൂർ,ആലപ്പുഴ, പാലക്കാട്, എറണാകുളം
(2) ബന്ധപ്പെട്ട ശിശുവികസന പദ്ധതി ഓഫീസർമാർക്ക്
(3) സ്റ്റോക്ക് ഫയൽ/സ്പെയർ

ഉത്തരവിൻ പ്രകാരം

Sendl

സൂപ്രണ്ട്